# ARPOOKARA
# ST. THOMAS CHURCH




**കോ**ട്ടയം ജില്ലയിൽ ആർപ്പൂക്കര, അയ്മനം പഞ്ചായത്തുകളുടെ പടിഞ്ഞാറൻ ഭാഗത്തു വസിക്കുന്നവരും കോട്ടയം ഭദ്രാസനത്തിൽപ്പെട്ടവരുമായ യാക്കോബായ വിശ്വാസികൾ ആദ്യകാലം മുതൽ തന്നെ പ്രസിദ്ധമായ കല്ലുങ്കത്ര സെന്റ് ജോർജ്ജ് പള്ളി ഇടവകാംഗങ്ങളായിരുന്നു. 1964 ലെ സഭാ യോജിപ്പ് മുതൽ ഈ പ്രദേശത്തുള്ള ആളുകൾ ആത്മീയ കാര്യങ്ങളിൽ സംബന്ധിക്കുവാൻ ആർപ്പൂക്കരയിലുള്ള മണലേൽ സെന്റ് ജോർജ്ജ് പള്ളിയിലാണ് പോയിരുന്നത്. എന്നാൽ എഴുപതുകളിൽ സഭാതർക്കം വീണ്ടും രൂക്ഷമായപ്പോൾ മണലേൽ പള്ളി ഓർത്തഡോക്സ് പക്ഷത്തിന്റെ നിയന്ത്രണത്തിലായി. എന്നാൽ ആർപ്പൂക്കരയിലും അയ്മനം പഞ്ചായത്തിന്റെ പടിഞ്ഞാറൻ ഭാഗത്തുമുള്ള യാക്കോബായ വിശ്വാസികൾക്ക് കല്ലുങ്കത്ര സെന്റ് ജോർജ്ജ് പള്ളിയിൽ ആരാധനയിൽ സംബന്ധിക്കുന്നതിന് വളരെ ക്ലേശിക്കേണ്ടിവന്നു. ഈ സാഹചര്യം പരിഗണിച്ച് ഒരു പുതിയ പള്ളി നിർമ്മിക്കുന്നതിന് കല്ലുങ്കത്ര പള്ളിയുടെ പൊതുയോഗം പലതവണ ശ്രമം നടത്തുകയുണ്ടായി. സാമ്പത്തിക പരിമിതികൾ മൂലം ആ ശ്രമങ്ങൾ ഒന്നുംതന്നെ ഫലപ്രാപ്തിയിൽ എത്തിയില്ല. ഇത്തരമൊരു സാഹചര്യത്തിലാണ് കല്ലുങ്കത്ര പള്ളി ഇടവകാംഗമായ ആർപ്പൂക്കര കാഞ്ഞപ്പള്ളിയിൽ പരേതനായ ശ്രീ. കെ.റ്റി. മത്തായി (മത്തായിക്കുഞ്ഞ്) തന്റെ ഉടമസ്ഥതയിൽ ആർപ്പൂക്കരയിൽ പിണഞ്ചിറക്കുഴിയിലുള്ള നാലു സെന്റ് സ്ഥലവും പള്ളിക്കനുയോജ്യമായ കെട്ടിടവും കൂടി യാക്കോബായ വിശ്വാസികൾക്കായി സൗജന്യമായി നൽകാമെന്ന് വാഗ്ദാനം ചെയ്തത്. കോട്ടയം ഇടവകയുടെ മെത്രാപ്പോലീത്തായായിരുന്ന അഭി. ഗീവർഗീസ് മാർ ഗ്രീഗോറിയോസ് (പെരുമ്പള്ളി) തിരുമേനിയുടെ അനുവാദ കൽപ്പനപ്രകാരം 1988 ഏപ്രിൽമാസം 29–ാം തീയതി കണ്ടമുണ്ടാരിൽ കെ.റ്റി. ജെയിംസ് കോറെപ്പിസ്കോപ്പ ആദ്യമായി വി. കുർബ്ബാന അർപ്പിച്ചു. അക്കാലയളവിൽ കല്ലുങ്കത്ര പള്ളിയിലെ വികാരിമാരായിരുന്ന കല്ലുങ്കത്ര വന്ദ്യ കെ.പി. തോമസ് കോറെപ്പിസ്കോപ്പയുടെയും കണ്ടമുണ്ടാരിൽ വന്ദ്യ കെ.റ്റി. ജെയിംസ് കോറെപ്പിസ്കോപ്പയുടെയും പരിശ്രമഫലമായാണ് വളരെ വേഗത്തിൽ തന്നെ ദേവാലയം കൂദാശ ചെയ്യുവാൻ സാധിച്ചത്.

അന്നുമുതൽ നാളിതുവരെ ഈ പള്ളിയിൽ മുടക്കം കൂടാതെ, സഭാ വിശ്വാസപ്രകാരമുള്ള എല്ലാ ആചാരാനുഷ്ഠാനങ്ങളും നടന്നുവരുന്നു. 1999–ാം ആണ്ടുവരെ ഈ പള്ളിയുടെ ഭരണകാര്യങ്ങൾ കല്ലുങ്കത്ര പള്ളിയുടെ പൊതുയോഗം തിരഞ്ഞെടുക്കുന്ന ഭരണസമിതിയുടെ നേതൃത്വത്തിൽ ആണ് നടന്നത്. അക്കാല

യളവിൽ ബഹു. ജെയിംസ് കോറെപ്പിസ്കോപ്പായോടൊപ്പം ഫാ. ജേക്കബ് മാത്യു കോമടത്തുശേരിൽ, ഫാ. ജോർജ്ജ് ജേക്കബ് കോട്ടപ്പറമ്പിൽ, ഫാ. ഉലഹന്നാൻ പാറപ്പാട്ട്, ഫാ. തോമസ് കുളത്തുങ്കൽ എന്നിവർ വികാരിമാരായും ശ്രീമാൻമാരായ കെ.പി. മാത്യു കടവുകണ്ടം, ജെയിംസ് കുടിലിൽ, ഏബ്രഹാം മൂന്നുമൂല യിൽ എന്നിവർ ശുശ്രൂഷകന്മാരായും സേവനമനുഷ്ഠിച്ചു.

1999 – ജനുവരി ഒന്നാം തീയതി മുതൽ ഈ പള്ളി ആകമാന സുറിയാനി സഭയുടെ ഭാഗമായ മലങ്കര യാക്കോബായ സഭയിലെ കോട്ടയം ഭദ്രാസനത്തിന്റെ അഭിവന്ദ്യ തോമസ് മോർ തീമോത്തിയോസ് മെത്രാപ്പോലീത്തായുടെ കീഴിൽ അറുപതോളം കുടുംബങ്ങൾ ഉള്ള സ്വതന്ത്ര ഇടവകയായി പ്രവർത്തിച്ചുവരുന്നു. സ്ഥലപരിമിതി മൂലമുള്ള അസൗകര്യങ്ങൾ ഒഴിവാക്കുന്നതിന് ഇടവകാംഗം കൂടിയായ അഡ്വ. പി.സി. ഏബ്രഹാം തെക്കേത്തട്ടിൽ കോട്ടയം സംഭാവനയായി നൽകിയ ഒരേക്കർ എഴുപതു സെന്റ് സ്ഥലത്ത് പുതിയ പള്ളിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. പുതിയ പള്ളിയുടെ ശിലാസ്ഥാപന കർമ്മം അഭിവന്ദ്യ തോമസ് മോർ തീമോത്തിയോസ് മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ട് 2004 ഏപ്രിൽ 18–ാം തീയതി നിർവ്വഹിച്ചു. ഇപ്പോൾ നിർമ്മാണ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടന്നുവരുന്നു. സ്വതന്ത്ര ഇടവക യായതിനു ശേഷം വികാരിമാരായിരുന്ന ഫാ. തോമസ് കുളത്തുങ്കൽ, ഫാ. തോമസ് ജയിംസ് കണ്ടമുണ്ടാ രിൽ, ഫാ. സഖറിയ മൈലപ്പള്ളിൽ, ഫാ. തോമസ് കറുകപ്പടിയിൽ എന്നിവരുടെയും ഇപ്പോൾ വികാരിമാ രായി സേവനമനുഷ്ഠിക്കുന്ന ഫാ. തോമസ് പുളിക്കപ്പറമ്പിൽ, ഫാ. മർക്കോസ് മല്ലുകാട്ട് എന്നിവരുടെയും സേവനങ്ങളെ പ്രത്യേകം സ്മരിക്കുന്നു.

1988 –ൽ ഈ പള്ളിയിൽ ആരാധന തുടങ്ങിയ കാലം മുതൽ ഇടവകയിൽ സൺഡേസ്കൂൾ, വനിതാ സമാജം, യൂത്ത് അസ്സോസിയേഷൻ, സാധുപരിപാലനസംഘം എന്നിവ പ്രവർത്തിച്ചുവരുന്നു. ഈ ഇടവകയ്ക്ക് മാന്നാനം പുലിക്കുട്ടിശേരി റോഡിൽ മുതുകാട്ട് പടിയിൽ (സൂര്യാകവല) മാർതോമ്മാശ്ലീഹാ യുടെ നാമത്തിലും പള്ളിയുടെ വാതിൽക്കൽ വി. ഗീവർഗീസ് സഹദായുടെ നാമത്തിലും കരിപ്പൂത്തട്ട് മണി യാപറമ്പ് റോഡിൽ പുതിയ പള്ളി പണിയുന്ന സ്ഥലത്ത് വി. ദൈവമാതാവിന്റെ നാമത്തിലും കുരിശിൻതൊ ട്ടികൾ ഉണ്ട്.

*Source: Kottayam Diocese Souvenir, 2007*

SyrianChurch.org